## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4683** **29-10-2021 - ൽ മറുപടിയ്ക്ക്**

## ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്ര സർക്കാർ പദ്ധതികളിലൂടെയും തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് എത്ര ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്ര സർക്കാർ പദ്ധതികളിലൂടെയും സംസ്ഥാനത്ത് 39 ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ 38 മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. അനുമതി ലഭിച്ച 39 മത്സ്യമാർക്കറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | കിഫ്ബി ധനസഹായത്തോടെയും മത്സ്യഫെഡ് മുഖേനെയും സംസ്ഥാനത്ത് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന നടപടി ഏതുഘട്ടത്തിലാണെന്നും എത്ര മാർക്കറ്റുകൾ എവിടെയെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 51 മത്സ്യ മാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് 120.57 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ബാക്കി മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ മാർക്കറ്റുകൾക്കായി 40 ലക്ഷം രൂപ വീതവും, ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റിന് 85 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയതനുസരിച്ച് പ്രസ്തുത മാർക്കറ്റുകളുടെ നവീകരണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ അനുമതിയാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 51 മത്സ്യ മാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് 120.57 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ബാക്കി മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ മാർക്കറ്റുകൾക്കായി 40 ലക്ഷം രൂപ വീതവും, ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റിന് 85 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയതനുസരിച്ച് പ്രസ്തുത മാർക്കറ്റുകളുടെ നവീകരണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1</u>

| ജില്ല | മത്സ്യമാർക്കറ്റുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | 2 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 2 |
| കോട്ടയം | 5 |
| എറണാകുളം | 8 |
| ഇടുക്കി | 2 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 1 |
| മലപ്പുറം | 2 |
| വയനാട് | 2 |
| കോഴിക്കോട് | 1 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 1 |
| ആകെ | 39 |

## അനുബന്ധം 2

| ക്രമ നമ്പർ | മത്സ്യ മാർക്കറ്റ് | ജില്ല |
|---|---|---|
| 1 | പുത്തൻചന്ത | തിരുവനന്തപുരം |
| 2 | പുന്നമൂട് | തിരുവനന്തപുരം |
| 3 | പഴയകുന്നുമേൽ | തിരുവനന്തപുരം |
| 4 | നിലമക്കാമുക്ക് | തിരുവനന്തപുരം |
| 5 | വക്കം | തിരുവനന്തപുരം |
| 6 | കടയ്ക്കാവൂർ | തിരുവനന്തപുരം |
| 7 | വാമനപുരം | തിരുവനന്തപുരം |
| 8 | നടുക്കാട് | തിരുവനന്തപുരം |
| 9 | വിളവൂർക്കൽ | തിരുവനന്തപുരം |
| 10 | പൂന്തുറ | തിരുവനന്തപുരം |
| 11 | നെയ്യാറ്റിൻകര | തിരുവനന്തപുരം |
| 12 | പനച്ചമൂട് | തിരുവനന്തപുരം |
| 13 | കാഞ്ഞിരംകുളം | തിരുവനന്തപുരം |
| 14 | തങ്കശ്ശേരി | കൊല്ലം |
| 15 | കടപ്പാക്കട | കൊല്ലം |
| 16 | പള്ളിമുക്ക് | കൊല്ലം |
| 17 | മൂന്നാംകുറ്റി | കൊല്ലം |
| 18 | സൗത്ത് പരവൂർ | കൊല്ലം |
| 19 | പാരിപ്പള്ളി | കൊല്ലം |
| 20 | കൊട്ടിയം | കൊല്ലം |
| 21 | ചാത്തന്നൂർ | കൊല്ലം |
| 22 | കടയ്ക്കൽ | കൊല്ലം |
| 23 | ശാസ്താംകോട്ട | കൊല്ലം |
| 24 | കിഴക്കേകല്ലട | കൊല്ലം |
| 25 | കാവനാട് | കൊല്ലം |
| 26 | ആലുംമൂട് | കൊല്ലം |
| 27 | അഞ്ചൽ | കൊല്ലം |
| 28 | പുനലൂർ | കൊല്ലം |
| 29 | പുത്തൂർ | കൊല്ലം |
| 30 | കൊട്ടാരക്കര | കൊല്ലം |
| 31 | കുലശേഖരപുരം | കൊല്ലം |
| 32 | പത്തനാപുരം | കൊല്ലം |
| 33 | അടൂർ | പത്തനംതിട്ട |
| 34 | കുമ്പഴ | പത്തനംതിട്ട |
| 35 | കൂടൽ | പത്തനംതിട്ട |
| 36 | മണ്ണഞ്ചേരി | ആലപ്പുഴ |
| 37 | ചെത്തി | ആലപ്പുഴ |
| 38 | താമരക്കുളം | ആലപ്പുഴ |

| | | |
|---|---|---|
| **39** | മാങ്കാംകുഴി | ആലപ്പുഴ |
| **40** | കരിപ്പുഴ | ആലപ്പുഴ |
| **41** | ചേർത്തല | ആലപ്പുഴ |
| **42** | ഇടക്കൊച്ചി | എറണാകുളം |
| **43** | നായരമ്പലം | എറണാകുളം |
| **44** | ചാലക്കുടി | തൃശ്ശൂർ |
| **45** | കുന്നംകുളം | തൃശ്ശൂർ |
| **46** | പൊന്നാനി | മലപ്പുറം |
| **47** | വെള്ളയിൽ | കോഴിക്കോട് |
| **48** | ന്യൂമാഹി | കണ്ണൂർ |
| **49** | കണ്ണപുരം | കണ്ണൂർ |
| **50** | പഴയങ്ങാടി | കണ്ണൂർ |
| **51** | കാഞ്ഞങ്ങാട് | കാസർഗോഡ് |